"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം -കവടിയാർ റോഡ് വികസനത്തിനായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തത് - തിരുവനന്തപുരം സബ്കോടതിയിൽ 13/08/2022-ന് നടന്ന ലോക് അദാലത്തിൽ ഒത്തുതീർപ്പാക്കിയ എൽ.എ.ആർ. 297/08 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക - റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1531/2024/LSGD**

**തീയതി, തിരുവനന്തപുരം, 16-08-2024**

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 02/03/2024-ലെ എ3/1503/2008/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം.908/2024/ത.സ്വ.ഭ.വ, തീയതി 24/05/2024.
3. സ.ഉ.(സാധാ) നം.5027/2024/ധന തീയതി 25/06/2024.

**<u>ഉത്തരവ്</u>**

തലസ്ഥന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 2499-ൽ പ്പെട്ടതും ശ്രീ. ശരത്ചന്ദ്രന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.14 ആർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 297/08 നമ്പർ കേസിൽ 13/08/2022 -ൽ ബഹു. തിരുവനന്തപുരം സബ്കോടതിയിൽ നടന്ന ലോക് അദാലത്ത് വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഒത്തുതീർപ്പാക്കിയ തുകയായ 1,32,992/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). മേൽ പരാമർശിച്ച എൽ.എ.ആർ. 297/2008 നമ്പർ കേസിൽ, 13/08/2022-ൽ ബഹു. തിരുവനന്തപുരം സബ്കോടതിയിൽ നടന്ന ലോക് അദാലത്ത് വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിക്കടത്തുകയായ 1,32,992/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ശരത്ചന്ദ്രന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93 - Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 1,33,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പട്ടം - കവടിയാർ റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നമ്പർ 2499-ൽപ്പെട്ടതും ശ്രീ. ശരത്ചന്ദ്രന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.14 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 297/2008 നമ്പർ കേസിൽ 13/08/2022-ൽ ബഹു. തിരുവനന്തപുരം സബ് കോടതയിൽ നടന്ന ലോക് അദാലത്ത് വിധിന്യായത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിക്കടത്തുകയായ 1,32,992/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിരണ്ട് രൂപ മാത്രം) 4217-60-800-93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീ. ശരത്ചന്ദ്രന് (മാധവ മന്ദിരം, ടി.സി.4/2513, പട്ടം., തിരുവനന്തപുരം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. ശരത്ചന്ദ്രൻ, മാധവ മന്ദിരം, ടി.സി.4/2513, പട്ടം, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ധനകാര്യ വകുപ്പ് (WCD-3/122/2023/Fin dated 05/07/2024
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/135/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 17-08-2024 16:53:57
സെക്ഷൻ ഓഫീസർ